## പത്രക്കുറിപ്പ്

# സ്വർണ്ണക്കടയിൽ മോഷണം: സ്ത്രീ പിടിയിൽ

## കോവിഡ്-19

## വിലക്ക് ലംഘനം: 75 പേർക്കെതിരെ നിയമനടപടി 22,500/- രൂപ പിഴ ഈടാക്കി

തിരുവനന്തപുരം:- സ്വർണ്ണം വാങ്ങാൻ എന്ന വ്യാജേന ജുവലറിയിൽ കയറി ജീവനക്കാരനെ കബളിപ്പിച്ച് സ്വർണ്ണം മോഷ്ടിച്ചെടുത്ത സ്ത്രീയെ പോലീസ് പിടികൂടിയതായി ഐ.ജി.പി.-യും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. വട്ടിയൂർക്കാവ് സ്വദേശി ശാന്തി(27)-യെയാണ് വട്ടിയൂർക്കാവ് പോലീസ് അറസ്റ്റ് ചെയ്തത്. മരുതംകുഴി ജംഗ്ഷനിലുള്ള എ.പി ഫാഷൻ ജുവലറിയിൽ കഴിഞ്ഞ 8-ാം തീയതിയാണ് മോഷണം നടന്നത്. പകൽ 11.00 മണിയ്ക്ക് കടയിൽ എത്തിയ യുവതി, സ്വർണ്ണാഭരണങ്ങൾ നോക്കുന്നതിനിടെ ജീവനക്കാരൻ അറിയാതെ ഡിസ്പ്ലേ ട്രേയിൽ നിന്നും 4.9 ഗ്രാം തൂക്കം വരുന്ന സ്വർണ്ണക്കമ്മൽ മോഷ്ടിച്ചെടുത്ത് കടന്ന് കളയുകയായിരുന്നു. കട അടയ്ക്കുന്ന സമയം സ്വർണ്ണം തൂക്കി നോക്കിയപ്പോഴാണ് സ്വർണ്ണത്തിൽ കുറവ് വന്നത് കടക്കാർ അറിഞ്ഞത്. തുടർന്ന് കടയുടമ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ സി.സി.റ്റി.വി ദൃശ്യം പരിശോധിച്ച് പോലീസ് നടത്തിയ അന്വേഷണത്തിലാണ് കഴിഞ്ഞ ദിവസം ഇവരെ അറസ്റ്റ് ചെയ്തത്. എസ്.ഐ ജയപ്രകാശ്, എ.എസ്.ഐ രാജേഷ്, എസ്.സി.പി.ഒ സന്ധ്യാറാണി, സി.പി.ഒ സൈജു എന്നിവരടങ്ങിയ പോലീസ് സംഘമാണ് അന്വേഷണത്തിനും അറസ്റ്റിനും നേതൃത്വം നൽകിയത്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

## കോവിഡ് സുരക്ഷാ കേസ് വിവരം

തിരുവനന്തപുരം നഗരത്തിൽ പോലീസ് ഇന്നലെ (13-01-2021) നടത്തിയ പരിശോധനയിൽ കോവിഡ് സുരക്ഷാ വിലക്ക് ലംഘനം നടത്തിയ 75 പേർക്കെതിരെ നിയമനടപടി സ്വീകരിച്ചു. രോഗവ്യാപനം ഉണ്ടാക്കുന്ന തരത്തിൽ വിലക്ക് ലംഘനം നടത്തിയ 25 പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്-2020 പ്രകാരമാണ് കേസെടുത്തത്. മാസ്ക് ധരിക്കാത്തതിന് 45 പേരിൽ നിന്നും 22,500/- രൂപ പിഴ ഈടാക്കി. കൂടാതെ, കോവിഡ് സുരക്ഷാ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ സർവ്വീസ് നടത്തിയ 5 വാഹനങ്ങൾക്കെതിരെയും ഇന്നലെ നിയമനടപടി സ്വീകരിച്ചു.

തിരുവനന്തപുരം സിറ്റി
13-01-2021

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

പബ്ലിക് റിലേഷൻസ് ഓഫീസർ
തിരുവനന്തപുരം സിറ്റി